**ഇന്ത്യയിലെ എക്കാലത്തെയും മികച്ച സൃഷ്ട്യുന്മുഖ തൊഴിലാളി നേതാവായിരുന്ന ശങ്കര്‍ ഗുഹാ നിയോഗിയുടെ ജീവിതത്തിലൂടെ...**

# ശങ്കര്‍ ഗുഹാ നിയോഗി: ലഘു ജീവരേഖ

1943 ഫെബ്രുവരി 14ന് ആസാമിലെ ജയ്പാല്‍ഗുഡിയിലാണ് ധീരേഷ് ഗുഹാ നിയോഗി എന്ന ശങ്കര്‍ ഗുഹാ നിയോഗിയുടെ ജനനം. വിദ്യാഭ്യാസ കാലം കല്‍ക്കത്തയില്‍ കഴിച്ചു കൂട്ടിയ നിയോഗി അവിഭക്ത കമ്യൂണിസ്റ്റ് പാര്‍ട്ടിയുടെ വിദ്യാര്‍ത്ഥി സംഘടനയായിരുന്ന എ.ഐ.എസ്.എഫിന്റെ പ്രാദേശിക നേതാവുകൂടിയായിരുന്നു. 1960കളുടെ ആരംഭത്തില്‍ ഭിലായില്‍ എത്തിയ നിയോഗി തൊഴിലാളി സംഘടനാ പ്രവര്‍ത്തകന്‍ എന്ന നിലയിലായിരുന്നു അറിയപ്പെട്ടിരുന്നത്. 1964-65 കാലഘട്ടത്തില്‍ ബ്ലാസ്റ്റ് ഫര്‍ണ്ണസ് ആക്ഷന്‍ കമ്മറ്റിയുടെ സെക്രട്ടറിയെന്ന നിലയില്‍ നിയോഗി തെരഞ്ഞെടുക്കപ്പെട്ടു. തുടര്‍ന്ന് ഛത്തീസ്ഗഢിലെമ്പാടും നിരന്തരമായി യാത്ര നടത്തിയ നിയോഗി ചെറിയൊരുകാലയളവില്‍ എം.എല്‍. പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവര്‍ത്തിച്ചുവെങ്കിലും പിന്നീട് സ്വന്തം നിലയ്ക്ക് തൊഴിലാളികളെ സംഘടിപ്പിക്കുന്ന പ്രവര്‍ത്തനത്തില്‍ മുഴുകുകയുണ്ടായി. 70കളുടെ തുടക്കത്തില്‍ ഭിലായ് സ്റ്റീല്‍ പ്ലാന്റിന്റെ ഭാഗമായ ചുണ്ണാമ്പ് ഖനന മേഖലയായ ദാനി തോലയിലെത്തുകയും അവിടെ ഖനന മേഖലയില്‍ തൊഴില്‍ ചെയ്തുവന്ന ആശയെന്ന യുവതിയെ വിവാഹം കഴിക്കുകയും ചെയ്തു. അടിയന്തിരാവസ്ഥയുടെ നാളുകളില്‍ മിസ ആക്ടുപ്രകാരം നിയോഗി ജയിലിലടക്കപ്പെടുകയുണ്ടായി. രണ്ട് വര്‍ഷത്തെ ജയില്‍വാസത്തിനുശേഷം 1977ല്‍ അദ്ദേഹം സ്വതന്ത്രനായി, 1997ല്‍ ദല്ലിരാജ്ഹാരയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഛത്തീഗഢ് മൈന്‍സ് ശ്രമിക് സംഘ് (CMSS) എന്ന തൊഴിലാളി സംഘടന രൂപീകരിക്കുകയുണ്ടായി. കൂലിക്കൂടുതലിനും നല്ല തൊഴില്‍ സാഹചര്യങ്ങള്‍ക്കും വേണ്ടിയുള്ള പ്രക്ഷോഭങ്ങള്‍ നടത്തുന്നതിലും അതില്‍ വിജയം നേടുന്നതിലും സിഎംഎസ്എസ് വിജയിച്ചു. ഖനി മേഖലയില്‍ യൂനിയന്റെ പ്രവര്‍ത്തനങ്ങള്‍ ശ

ക്തിപ്പെടുന്നതിന് ഇത് സഹായക മാക്കി. തൊഴിലാളികളുടെ അവ കാശങ്ങൾക്കായുള്ള പോരാട്ടം നിരവധി തവണ നിയോഗിയെ ജയിലിലെത്തിച്ചു. എന്നാൽ തൊഴിലാളികളുടെ അതിശക്തമായ പിന്തുണ നിയോഗിക്കും സി.എം.എസ്.എസിനും പിന്നിലുണ്ടായിരുന്നു.

അവകാശ പോരാട്ടങ്ങൾക്കപ്പുറത്ത് തൊഴിലാളികളുടെ സാമൂഹ്യാരോഗ്യ മേഖലയിലും നിയോഗിയുടെ കണ്ണുകൾ ചെന്നെത്തിയിരുന്നു. നിരവധി പദ്ധതികൾ അതിനായി രൂപീകരിക്കപ്പെട്ടു. മദ്യത്തിനെതിരായി നിയോഗിയും അദ്ദേഹത്തിന്റെ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾ അത്യസാധാരമാണമായിരുന്നു. സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന ഈ സമരം തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ വളരെയധികം സഹായിച്ചു. അബ്കാരികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും വിദ്വേഷത്തിന് ഇത് ഇടയാക്കിയെങ്കിലും മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ജനങ്ങളെ ഒറ്റക്കെട്ടായി നിർത്തുന്നതിൽ വിജയിച്ചു.

1982ൽ സ്ഥാപിച്ച ഷഹീദ് ഹോസ്പിറ്റൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. 100 കിടക്കകളുള്ള ഈ ആശുപത്രി തൊഴിലാളികൾക്ക് കുറഞ്ഞചെലവിൽ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ വിജയിച്ചു. നിയോഗിയുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിസ്വാർത്ഥരായ യുവ ബുദ്ധിജീവികളുടെയും ആക്റ്റിവിസ്റ്റുകളുടെയും പിന്തുണ നേടിക്കൊടുത്തു. ഡോ.ബിനായക് സെന്നിനെപ്പോലുള്ളവർ ഛത്തീസ്ഗഢിൽ വന്ന് താമസമുറപ്പിച്ചു. വികസനത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച പുതിയ ബോദ്ധ്യങ്ങൾ തൊഴിലാളിവർഗ്ഗങ്ങൾക്കിടയിൽ വളർത്തുന്നതിലും നിയോഗി ശ്രദ്ധചെലുത്തി.

നമ്മുടെ പരിസ്ഥിതി എന്ന നിയോഗിയുടെ ലേഖനം ഇത്തരത്തിൽ ഒന്നായിരുന്നു. പ്രകൃതിവിഭവങ്ങൾ സമൃദ്ധമായി നിലനിൽക്കുന്ന ഛത്തീസ്ഗഢ് മേഖലയിൽ നിയോഗിക്കും അദ്ദേഹത്തിന്റെ തൊഴിലാളി പ്രസ്ഥാനത്തിനും ലഭിച്ചിരുന്ന നിർണ്ണായക സ്വാധീനം ഖനിമുതലാളിമാരെയും രാഷ്ട്രീയക്കാരെയും വിറളി പിടിപ്പിച്ചിരുന്നു. നിയോഗിയെ അവസാനിപ്പിക്കുക എന്നത് അവരുടെ മുഖ്യ പരിഗണനയായി മാറി. ഇക്കാര്യം ശങ്കർ ഗുഹാ നിയോഗിക്ക് മനസിലാക്കാൻ സാധിച്ചിരുന്നു. അതേക്കുറിച്ച് നിയോഗിയുടെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക: 'ഈലോകം സുന്ദരമാണ്, സുന്ദരമായ ഈ ലോകത്തെ തീർച്ചയായും ഞാൻ സ്നേഹിക്കുന്നു, പക്ഷേ എന്റെ ജോലിയും കടമകളും എനിക്ക് പ്രധാനപ്പെട്ടതാണ്. ഞാൻ ഏറ്റെടുത്ത കടമകൾ എനിക്ക് പൂർത്തീകരിക്കേണ്ടതുണ്ട്. ഇവർ എന്നെ ഇല്ലാതാക്കും, പക്ഷേ എന്നെ വധിക്കുന്നതിലൂടെ നമ്മുടെ പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ ആർക്കും കഴിയില്ല.' തനിക്കെതിരായി നടക്കുന്ന ഗൂഢാലോചനയെക്കുറിച്ച് നിയോഗി പോലീസിന് പരാതി നൽകുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ ഒരു നടപടിയും ഉണ്ടായില്ലെന്ന് മാത്രമല്ല നിയോഗിക്കെതിരായ നിയമനടപടികൾ സ്വീകരിക്കുകയായിരുന്നു അധികാരികൾ ചെയ്തത്.



**"ഈലോകം സുന്ദരമാണ്, സുന്ദരമായ ഈ ലോകത്തെ തീർച്ചയായും ഞാൻ സ്നേഹിക്കുന്നു, പക്ഷേ എന്റെ ജോലിയും കടമകളും എനിക്ക് പ്രധാനപ്പെട്ടതാണ്. ഞാൻ ഏറ്റെടുത്ത കടമകൾ എനിക്ക് പൂർത്തീകരിക്കേണ്ടതുണ്ട്. ഇവർ എന്നെ ഇല്ലാതാക്കും, പക്ഷേ എന്നെ വധിക്കുന്നതിലൂടെ നമ്മുടെ പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ ആർക്കും കഴിയില്ല"**

1991 സെപ്തമ്പർ 28ന് ശങ്കർ ഗുഹാനിയോഗി വധിക്കപ്പെട്ടു. തന്റെ മുറിയിൽ നിലത്തുവിരിച്ച പായയിൽ കൊതുകുവലയ്ക്കുള്ളിൽ കിടന്നുറങ്ങിയ നിയോഗിയെ തുറന്നുവെച്ച ജനലിൽ കൂടി വെടിയുണ്ട പായിച്ചുകൊണ്ട് കൊലപ്പെടുത്തി. ഉറങ്ങുന്നതിന് മുമ്പായി അദ്ദേഹം വായിച്ച പുസ്തകം ലെനിന്റെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളും വിപ്ലവവുമായിരുന്നു. ശങ്കർ ഗുഹാ നിയോഗിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഛത്തീസ്ഗഢിലെ വ്യവസായ മേഖലമുഴുവൻ സ്തംഭിപ്പിക്കുകയുണ്ടായി. രണ്ട് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണി മുടക്കിക്കൊണ്ട് നിയോഗിയുടെ സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

ഖനികളും പ്രകൃതിവിഭവങ്ങളും മൂലധനശക്തികൾക്ക് അടിയറ വെക്കാനുള്ള നീക്കങ്ങൾ ശക്തമായി നടന്നുകൊണ്ടിരുന്ന 90കളിൽ തൊഴിലാളി മേഖലയിൽ ഉയർന്നുവരുന്ന വ്യത്യസ്ത ശബ്ദമായിരുന്ന ശങ്കർ ഗുഹാ നിയോഗിയെ വധിക്കേണ്ടത് അധികാരികളുടെ ആവശ്യമായിരുന്നു. നിയോഗിയുടെ മരണം തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിനും വിഭവങ്ങളുടെ അധികാരങ്ങൾ ജനങ്ങൾക്കാണെന്ന് വിശ്വസിക്കുന്നവർക്കും സംഭവിച്ച കനത്ത നഷ്ടമാണ്.